REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വയനാട്. ചേലക്കര ഉപതെരഞ്ഞെടുപ്പുകളിൽ കുറഞ്ഞ പോളിംഗ് ശതമാനം. വയനാട്ടിൽ 64.72 ശതമാനവും ചേലക്കരയിൽ 72.77 ശതമാനവുമാണ് പോളിംഗ്.**
- **43-ാമത് ഇന്ത്യൻ അന്താരാഷ്ട്ര വ്യാപാര മേള ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കും. 2047ൽ വികസിത് ഭാരതം എന്നതാണ് ഈ വർഷത്തെ മേളയുടെ പ്രമേയം.**
- **ഇന്ന് ശിശുദിനം.**
- **71-ാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷം ഉച്ച കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക മൂന്നാം ട്വന്റി 20 ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് 11 റൺസിന്റെ വിജയം.**

## വാർത്തകൾ വിശദമായി

ഇന്നലെ ഉപതെരഞ്ഞെടുപ്പ് നടന്ന വയനാട് ലോകസഭാ മണ്ഡലത്തിൽ 64.72 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ചേലക്കര നിയമസഭാ മണ്ഡലത്തിൽ 72.77 ശതമാനമാണ് പോളിംഗ്. അവസാന കണക്കുകൾ ലഭ്യമാകുമ്പോൾ ശതമാനത്തിൽ ചെറിയ മാറ്റം വന്നേക്കാം.

വയനാട് ലോകസഭാ മണ്ഡലരൂപീകരണത്തിന് ശേഷം ഉണ്ടായ ഏറ്റവും കുറഞ്ഞ പോളിംഗ് ആണ് ഇന്നലെ രേഖപ്പെടുത്തിയത്. കഴിഞ്ഞ ലോക് സഭാ തെരഞ്ഞെടുപ്പിൽ 73.57 ശതമാനമായിരുന്നു പോളിംഗ്.

ചേലക്കര മണ്ഡലത്തിൽ വോട്ടിംഗ് സമയം കഴിഞ്ഞിട്ടും പല ബൂത്തുകളിലും വോട്ടർമാരുടെ നീണ്ടനിര തന്നെയുണ്ടായിരുന്നു. 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 77.28% ആയിരുന്നു പോളിങ്.

✪✪✪

വയനാട് ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവമ്പാടി മണ്ഡലത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന മൈക്രോ ഒബ്സർവർ, പ്രിസൈഡിങ് ഓഫീസർ, പോളിംഗ് ഓഫീസർ എന്നിവർക്ക് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഇന്ന് ഡ്യൂട്ടി ഓഫ് അനുവദിച്ചു. ഉദ്യോഗസ്ഥർക്ക് ഇന്നലെ രാത്രി വൈകിയും ജോലി ചെയ്യേണ്ടി വന്ന സാഹചര്യത്തിലാണ് നടപടി.

✪✪✪

പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പ്രചാരണം ആവേശഭരിതമായ അവസാന ഘട്ടത്തിലേക്ക് കടന്നു. വരും ദിവസങ്ങളിൽ മുന്നണികളുടെ താര പ്രചാരകർ എല്ലാം മണ്ഡലത്തിൽ എത്തും.

പാലക്കാട് പ്രതിനിധി ഫൈസൽ അലി മുത്തിന്റെ റിപ്പോർട്ട്.

....വോയ്സ്....

പാലക്കാട് നിയമസഭ മണ്ഡലം ഉപതെരഞ്ഞെടുപ്പ് യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പിരായിരി, കൽപാത്തി എന്നിവിടങ്ങളിൽ പ്രചാരണം നാടത്തും. വൈകീട്ട് നടക്കുന്ന റോഡ് ഷോയിൽ യു. ഡി. എഫ് നേതാക്കളായ വി. ഡി. സതീശൻ, പി കെ. കുഞ്ഞാലികുട്ടി എന്നിവർ പങ്കെടുക്കും.എൽ. ഡി. എഫ് സ്ഥാനാർഥി ഡോ. പി. സരിൻ ഇന്ന് കല്പത്തിയിൽ നിന്ന് പ്രചരണം ആരംഭിക്കും.നഗരസഭയിലെ കോളേജ് റോഡിൽ സമാപിക്കും. സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് യോഗത്തിൽ മുതിർന്ന സി.പി.എം നേതാവ് ഇ.പി.ജയരാജൻ പ്രസംഗിക്കും.എൻ. ഡി. എ സ്ഥാനാർഥി സി. കൃഷ്ണകുമാർ ഇന്ന് പാലക്കാട്, പിരായിരി പ്രദേശങ്ങളിലാണ് പ്രചാരണം നടത്തുക. രാവിലെ നൂറണിയിൽ നിന്ന് ഗൃഹ സമ്പർക്ക പരിപാടിയോടെയാണ് പ്രചാരണം ആരംഭിക്കുക

✪✪✪

43-ാമത് ഇന്ത്യൻ അന്താരാഷ്ട്ര വ്യാപാര മേള ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കും. 2047ൽ വികസിത് ഭാരതം എന്നതാണ് ഈ വർഷത്തെ മേളയുടെ പ്രമേയം.

ചൈന, ഈജിപ്ത്, ഇറാൻ, ദക്ഷിണ കൊറിയ, തായ്‌ലൻഡ്, തുർക്കി, യുഎഇ എന്നിവയുൾപ്പെടെ രാജ്യങ്ങൾ IITF മേളയിൽ പങ്കെടുക്കും. ഈ മാസം 27 വരെയാണ് മേള.

✪✪✪

ഇന്ന് ശിശുദിനം. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14 നാണ് ശിശുദിനം ആഘോഷിക്കുന്നത്. രാജ്യത്തെ സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുട്ടികളുടെ റാലിയും പ്രത്യേക പരിപാടികളും സംഘടിപ്പിക്കും.

തിരുവനന്തപുരത്ത് രാവിലെ കുട്ടികളുടെ റാലിയും പൊതുസമ്മേളനവും സംഘടിപ്പിച്ചിട്ടുണ്ട്- ജില്ലാ കേന്ദ്രങ്ങളിലും വിപുലമായ ആഘോഷപരിപാടികൾ നടക്കും.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി പ്രതിനിധി രെജു കോലിയക്കോടിന്റെ റിപ്പോർട്ട്..

.....വോയ്സ്.....

ശിശുദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്തും മറ്റ് ജില്ലാ കേന്ദ്രങ്ങളിലും വിപുലമായ പരിപാടി കളാണ് സംഘടിപ്പിച്ചിരിക്കുന്നത്.

സംസ്ഥാനതല പരിപാടിയുടെ ഭാഗമായി തിരുവനന്തപുരത്ത് രാവിലെ 8.00 മണിക്ക് കുട്ടികളുടെ റാലി നടക്കും. എൽ.പി മുതൽ ഹയർ സെക്കന്ററി വരെയുള്ള കുട്ടികൾ റാലിയിൽ പങ്കെടുക്കും. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മന്ത്രി ജി.ആർ. അനിൽ റാലി ഫ്ളാഗ് ഓഫ് ചെയ്യും.

ചരിത്രത്തിൽ ആദ്യമായി പെൺകുട്ടികളാകും റാലി നയിക്കുക. കുട്ടികളുടെ നേതാക്കൾ തുറന്ന ജീപ്പിൽ സഞ്ചരിക്കും. ഭിന്നശേഷി കുട്ടികളും, ശ്രീചിത്രാഹോം, പിന്നാക്ക മേഖലയിലെ പ്രത്യേക സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികളും റാലിയിൽ അണിചേരും.

തുടർന്ന് കനകക്കുന്ന് നിശാഗന്ധിയിൽ 25,000 കുട്ടികൾ പങ്കെടുക്കുന്ന, കുട്ടികളുടെ നേതാക്കൾ നയിക്കുന്ന പൊതു സമ്മേളനം നടക്കും.

മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ വീണാ ജോർജ്ജ്, വി.ശിവൻകുട്ടി എന്നിവർ ശിശുദിന സന്ദേശം നൽകും. തുടർന്ന് ഇത്തവണത്തെ ശിശുദിന സ്റ്റാമ്പ് മന്ത്രി വീണാ ജോർജ്ജ് പ്രകാശനം ചെയ്യും.

✪✪✪

എറണാകുളം ജില്ലാ ശിശുക്ഷേമസമിതിയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ രാവിലെ  ശിശുദിന റാലി ദർബാർ ഹാൾ ഗ്രൗണ്ടിൽ നിന്നും ആരംഭിച്ച് രാജേന്ദ്ര മൈതാനത്ത് അവസാനിക്കും. മന്ത്രി P രാജീവ് ശിശുദിന സന്ദേശം നൽകും.

✪✪✪

മാലിന്യ സംസ്കരണത്തിൽ കുട്ടികൾക്ക് അവബോധം നൽകാനും പുതുതലമുറയുടെ ആശയങ്ങൾ മാലിന്യമുക്തം നവകേരളം ക്യാമ്പയിനിൽ ഉൾപ്പെടുത്താനും തദ്ദേശസ്ഥാപനങ്ങളിൽ രാവിലെ ഹരിത സഭ സംഘടിപ്പിക്കും. ഇന്ന് ഒമ്പത് ജില്ലകളിലെ തൊണ്ണൂറ്റി ഏഴായരിത്തി425 കുട്ടികൾ ഹരിത സഭയിൽ പങ്കെടുക്കും. നാല് ജില്ലകളിലെ എഴുപതിനായിരത്തോളം കുട്ടികൾ ഹരിത സഭയിൽ വരും ദിവസങ്ങളിൽ പങ്കെടുക്കും.

✪✪✪

തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിച്ച് മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. വിഴിഞ്ഞം നോർത്ത് ഹാർബറിൽ സിൽവർ പൊമ്പാനോ ഇനത്തിൽപെട്ട 22,000 മത്സ്യകുഞ്ഞുങ്ങളെ  കടലിൽ നിക്ഷേപിച്ചു.

എല്ലാ മീൻ പിടുത്ത ബോട്ടുകളിലും  ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുമെന്നും ഇതിന്റെ  60% ചെലവ് കേന്ദ്രവും 40% സംസ്ഥാനവും വഹിക്കുമെന്ന്  അദ്ദേഹം അറിയിച്ചു.

മന്ത്രി സജി ചെറിയാൻ ചടങ്ങിൽ   അധ്യക്ഷനായിരുന്നു.

✪✪✪

71-ാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷം ഉച്ച കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചി കളമശേരിയിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി VN വാസവൻ അധ്യക്ഷനാകുന്ന ചടങ്ങിൽ പ്രതിപക്ഷ നേതാവ് VD സതീശനാണ് മുഖ്യാതിഥി.

വാരാഘോഷത്തിന്റെ ഭാഗമായി സംരംഭകത്വ മേഖലയും സഹകരണ മേഖലയും ആയി ബന്ധപ്പെട്ട സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം നാളെ ആലപ്പുഴയിൽ ആരംഭിക്കും. ശാസ്ത്രോത്സവത്തോടൊപ്പം വൊക്കേഷണൽ എക്സ്പോയും വൈകിട്ട് ആലപ്പുഴ സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി

പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തിങ്കളാഴ്ച വരെ നഗരത്തിലെ അഞ്ച് സ്കൂളുകളിലാണ് ശാസ്ത്രോത്സവം നടത്തുന്നത്.

പ്രധാന വേദിയായ സെന്റ് ജോസഫ് സ്കൂളിൽ സാമൂഹികശാസ്ത്ര, IT മേളകളും, ലിയോ തേർട്ടീന്ത് സ്കൂളിൽ ശാസ്ത്രമേളയും, ലജ്നത്തുൽ മുഹമ്മദീയ ഹൈസ്കൂളിൽ ഗണിതശാസ്ത്രമേളയും, SDV ബോയ്സ്-ഗേൾസ് സ്കൂളുകളിൽ പ്രവൃത്തിപരിചയമേളയുമാണ് നടക്കുന്നത്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ K ജീവൻ ബാബു നാളെ രാവിലെ പതാക ഉയർത്തുന്നതോടെ മേളക്ക് തുടക്കമാകും.

ഇത്തവണ മുതൽ സംസ്ഥാനസ്കൂൾ ശാസ്ത്രോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് എജ്യുക്കേഷൻ മിനിസ്റ്റേഴ്സ് ട്രോഫി ഏർപ്പെടുത്തിയിട്ടുണ്ട്.

5,000 ത്തോളം വിദ്യാർഥികൾ 180 ഓളം ഇനങ്ങളിലായി പങ്കെടുക്കും.

✪✪✪

ഇന്ന് ലോക പ്രമേഹ ദിനം. പൊതുജനാരോഗ്യത്തിന് വെല്ലുവിളിയായ പ്രമേഹത്തെക്കുറിച്ച് അവബോധം വളർ ത്തുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും നവംബർ 14 ന് പ്രമേഹ ദിനം ആചരിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്...

.....വോയ്സ്....

തടസ്സങ്ങൾ നീക്കാം, വിടവുകൾ നികത്താം - പ്രമേഹ രോഗികളുടെ ക്ഷേമത്തിനായി ഒരുമിക്കാം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. സംസ്ഥാനത്തെ പ്രമേഹ നിയന്ത്രണ പദ്ധതികൾ ശാക്തീകരിക്കാൻ ഒരു വർഷം നീളുന്ന സംയോജിയ തീവ്ര യജ്ഞ പരിപാടി നടപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും പ്രമേഹ നിയന്ത്രണത്തിന്റെ ശാസ്ത്രീയവും നൂതനവുമായ ചികിത്സാവിധികളിൽ പരിശീലനം നൽകും. പ്രമേഹ രോഗികൾക്കുണ്ടാകുന്ന വൃക്ക രോഗങ്ങൾ, ഡയബറ്റിക് റെറ്റിനോപതി, ഡയബറ്റിക് ഫുട്ട്, പെരിഫെറൽ ന്യൂറോപതി തുടങ്ങിയ സങ്കീർണതകൾ ചികിത്സിക്കാനും പരിശീലനം ലഭ്യമാക്കും.

ഇന്ത്യയിൽ 10 കോടി പത്ത് ലക്ഷത്തിലേറെ പ്രമേഹ രോഗികൾ ഉണ്ടെന്നാണ് ഏകദേശ കണക്ക്.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക മൂന്നാം ട്വന്റി 20 ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് 11 റൺസിന്റെ വിജയം. സെഞ്ചൂറിയനിൽ 220 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗിന് ഇറങ്ങിയ ദക്ഷിണാഫ്രിക്ക നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റിന് 208 റൺസെടുത്ത് പുറത്തായി. ഇന്ത്യ ആറ് വിക്കറ്റ് നഷ്ടത്തിൽ 219 റൺസ് എടുത്തിരുന്നു. ഇതോടെ നാല് മത്സരപരമ്പരയിൽ രണ്ടെണ്ണം ജയിച്ച് ഇന്ത്യ മുന്നിട്ടു നിൽക്കുകയാണ്. അവസാന മത്സരം നാളെ ജോഹന്നാസ് ബർഗിലെ വാണ്ടറേഴ്സ് സ്റ്റേഡിയത്തിലാണ്.

✪✪✪

പരമ്പരാഗത കാർഷികരീതിയിൽ നിന്ന് മാറി ദ്വിതീയ കൃഷികൾക്ക് പ്രാധാന്യം നൽകണമെന്ന് മന്ത്രി P പ്രസാദ് കൊല്ലത്ത് നിർദേശിച്ചു. ഇതുവഴി കർഷകർക്ക് വിപണിയും വരുമാനവും ഉറപ്പാക്കാനാകുമെന്ന് മന്ത്രി ഉളിയക്കോവിൽ സർവീസ് സഹകരണ ബാങ്കിന് അനുവദിച്ച, കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ MT പത്മയുടെ ഭൗതിക ശരീരം രാവിലെ വെസ്റ്റ്ഹിൽ ശ്മശാനത്തിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കും. മുംബൈയിൽ അന്തരിച്ച പത്മയുടെ ഭൗതിക ശരീരം ഇന്നലെ വൈകിട്ടാണ് കരിപ്പൂരിൽ എത്തിച്ചത്. കോഴിക്കോട് DCC യിൽ മുതിർന്ന നേതാക്കാൾ അവർക്ക് അന്ത്യാഞ്ജലി അർപ്പിച്ചു.

✪✪✪

ശബരിമല ഭക്തർക്കായി കൊച്ചി വിമാനത്താവളത്തിൽ ഏർപ്പെടുത്തിയ ശബരിമല ഇടത്താവളം മന്ത്രി P രാജീവ് ഇന്ന് ഉദ്ഘാടനം ചെയ്യും. വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ടെർമിനലിൽ പോലീസ് എയ്ഡ് പോസ്റ്റിന് സമീപമാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

✪✪✪

ശബരിമല തീർത്ഥാടകർക്ക് എരുമേലിയിൽ ഭവനനിർമാണ ബോർഡിന്റെ പാർക്കിങ് സൗകര്യം ആരംഭിച്ചു. മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്തു. എരുമേലി ചെറിയമ്പലത്തിന് സമീപമാണ് മൂന്ന് ഏക്കറിൽ പരം സ്ഥലത്ത് പാർക്കിംഗ് സൗകര്യം ആരംഭിച്ചത്.

✪✪✪

ശബരിമല തീർത്ഥാടകർക്കായി കൊല്ലം ജില്ലയിലെ ഇടത്താവളങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ ഭക്ഷണ വില ഏകീകരിച്ച് ജില്ലാ കലക്ടർ

ഉത്തരവിട്ടു. പുനലൂർ മുൻസിപ്പാലിറ്റി, ആര്യങ്കാവ്, തെന്നല, കുളത്തൂപ്പുഴ, പത്തനാപുരം ടൗൺ, പിറവന്തൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ ഇടത്താവളങ്ങളിലെ ഹോട്ടലുകളിലാണ് സസ്യ ഭക്ഷണത്തിന്റെ വില ഏകീകരിച്ചത്.

വിലവിവരപ്പട്ടിക ആറ് ഭാഷകളിൽ വ്യക്തമായി പ്രദർശിപ്പിക്കാനും ഉത്തരവിൽ നിർദ്ദേശമുണ്ട്.

✪✪✪

ഭിന്നശേഷിക്കാരായ സഹോദരങ്ങളെ സംരക്ഷിക്കുന്ന ഗവൺമെന്റ് ജീവനക്കാർക്ക് പൊതുസ്ഥലംമാറ്റത്തിൽ അർഹമായ ഇളവും മുൻഗണനയും നൽകി ഉത്തരവ് പുറപ്പെടുവിച്ചതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. ഇതിനായി പൊതുസ്ഥലംമാറ്റത്തിന്റെയും നിയമനങ്ങളുടെയും പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരിഷ്കരിച്ചു.

✪✪✪

11-ാമത് NN. പിള്ള സ്മാരക സംസ്ഥാന പ്രൊഫഷണൽ നാടക മത്സരം ഇന്ന് കാസർകോഡ് മാണിയാട്ട് ഓപ്പൺ ഓഡിറ്റോറിയത്തിൽ ആരംഭിക്കും, ഈ മാസം 22 വരെ നീളുന്ന നാടക മൽസരം നടൻ ജോജു ജോർജ് ഉദ്ഘാടനം ചെയ്യും.

✪✪✪

പാലക്കാട് വാളയാറിൽ കാട്ടുപന്നിയ്ക്ക് വച്ച വൈദ്യുതി കെണിയിൽ നിന്ന് ഷോക്കേറ്റ് അച്ഛനും മകനും മരിച്ചു. കിഴക്കേ അട്ടപ്പള്ളം മാഹാളിക്കാട് മോഹനൻ, മകൻ അനിരുദ്ധ് എന്നിവരാണ് മരിച്ചത്. ഇന്നലെ വൈകിട്ടായിരുന്നു അപകടം.

✪✪✪

പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന്റെ ഭാഗമായ ഒന്നാം രഥപ്രയാണം ഇന്നലെ വിശാലാക്ഷി സമേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിൽ നടത്തി. അനുബന്ധ ക്ഷേത്രങ്ങളിൽ ഇന്നും നാളെയുമായി രഥാരോഹണം നടത്തും. ഇന്ന് രണ്ടാം തേരും, നാളെ ദേവരഥ സംഗമവും നടക്കും.

✪✪✪